(ഡി) കമ്പനി ഉപയോഗിക്കാതെ മാറ്റി വന്നതായ 1.31.446 മെ. ടൺ. അസംസ്കൃതവസ്തുക്കളുടെ കമ്പോളവില കണക്കാക്കി സർക്കാർ നഷ്ടം തിട്ടപ്പെടുത്തി 9,12,42,716 രൂപ സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനുള്ള നോട്ടീസ് 9-7-2003-ൽ കമ്പനിക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത നോട്ടീസിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ഇ) കമ്പനിക്ക് നൽകിയ നോട്ടീസിൽ പണം അടയ്ക്കുന്നതിന് കാലാവധി 12-8-2003 വരെ നൽകിയിട്ടുണ്ട്. ആയതിനാൽ മേൽനടപടികൾ സ്വീകരിച്ചിട്ടില്ല.

മാവൂർ ഗ്രാസിം കമ്പനിക്ക് മുളയും മറ്റ് തടിയും നൽകുന്നത് സംബന്ധിച്ച ഉടമ്പടി

106 (4146) ശ്രീ. മത്തായി ചാക്കോ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാസിം കമ്പനിക്ക് മുളയും മറ്റു തടികളും നൽകുന്നത് സംബന്ധിച്ച് കമ്പനിയും സംസ്ഥാന സർക്കാരുമായി എത്ര കരാറുകളാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത കരാറുകളുടെ കോപ്പികൾ മേശപ്പുറത്ത് വയ്ക്കുമോ ;

(ബി) പ്രസ്തുത കരാർ അനുസരിച്ച് സർക്കാർ നൽകുന്ന തടി, പൾപ്പ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ വരുന്നത് ലേലം ചെയ്തു കൊടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ ;

(സി) ഗ്രാസിം കമ്പനിയിലെ പൾപ്പ് ആവശ്യത്തിനുപയോഗിക്കാത്ത തടി സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ ;

(ഡി) പൾപ്പ് ആവശ്യത്തിനുപയോഗിക്കാത്ത തടിക്ക് കമ്പനി മാർക്കറ്റ് വില നൽകേണ്ടതാണെന്ന് കമ്പനിയുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് വ്യവസ്ഥയുണ്ടോ ;

(ഇ) മാർക്കറ്റ് വിലയനുസരിച്ച് കമ്പനിയിൽ എത്രകോടി രൂപയുടെ തടിയുണ്ടായിരുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഒരു പ്രധാന കരാറും നാല് അനുബന്ധ കരാറുകളും ഉൾപ്പെടെ അഞ്ച് കരാറുകളാണ് കമ്പനിയും സർക്കാരുമായി ഉണ്ടാക്കിയിട്ടുള്ളത്. 27-10-1993 മുതൽ 31-8-1999 വരെയുള്ള കാലയളവിലെ അഞ്ചാമത്തെ അനുബന്ധ കരാർ കമ്പനി ഇതുവരെ ഒപ്പുവച്ചിട്ടില്ല. കരാറുകളുടെ കോപ്പികൾ മേശപ്പുറത്ത് വയ്ക്കുന്നത് പ്രായോഗികമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാർ അനുസരിച്ച് സർക്കാർ നൽകുന്ന തടി, പൾപ്പ് ഉണ്ടാക്കുന്ന ആവശ്യത്തിന് ഉപയോഗിക്കാതെ വരുന്നത് ലേലം ചെയ്തുകൊടുക്കാൻ കരാറിൽ വ്യക്തമായ വ്യവസ്ഥകൾ ഇല്ലെങ്കിലും പ്രത്യേക സാഹചര്യം പരിഗണിച്ച് കമ്പനിയുടെ നഷ്ടോത്തരവാദിത്വത്തിൽ കമ്പനിയുടെ അംഗീകാരത്തോടെ വിറ്റഴിക്കാൻ സർക്കാർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാധ്യമങ്ങളിലും, സർക്കാർ ഗസറ്റിലും വേണ്ടത്ര പരസ്യങ്ങൾ നൽകി കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 15-1-2002-ൽ ലേലം നിശ്ചയിച്ചുവെങ്കിലും, അന്ന് ഗസറ്റ് നോട്ടിഫിക്കേഷൻ വരാത്തതിനാൽ ലേലം നടന്നില്ല. 22-2-2002-ന് വീണ്ടും ലേലം നടത്തിയെങ്കിലും 1,31,446 മെട്രിക് ടൺ വസ്തുക്കളിൽ 93 ടൺ മാത്രമാണ് ലേലത്തിൽ പോയത്. ബാക്കി എടുക്കാൻ ആളുണ്ടായില്ല. 2002 ഏപ്രിൽ മാസം വേണ്ടത്ര പരസ്യം കൊടുത്ത് വീണ്ടും അതത് ഡിപ്പോകളിലായി ലേലം നടത്തിയെങ്കിലും ആളില്ലാത്തതിനാൽ സാധനങ്ങൾ വില്പനയായില്ല. പിന്നീട് കമ്പനിയുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് കേന്ദ്രീകൃത സ്ഥലത്ത് വച്ച് (ഡിവിഷണൽ ഓഫീസ്) 10-6-2002-ന് വീണ്ടും ലേലം നടത്തിയതിൽ 46 പേർ പങ്കെടുക്കുകയും ഒട്ടാകെ പരമാവധി ലഭിച്ച വിലയായ 21,19,276 രൂപയ്ക്ക് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ലേലം ഉറപ്പിക്കുകയും ചെയ്തു. ലേലം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായി പരിശോധിക്കുകയും 16-10-2002-ൽ 8614/ഡി2/വനം കത്ത് പ്രകാരം പുനർലേലം ചെയ്യുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 14-2-2003-ന് കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടെണ്ടർ കം റീ ഓക്ഷൻ നടത്തുകയും പരമാവധി ലഭിച്ച തുകയായ 98,22,711 രൂപയ്ക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു. 28-3-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 159/2003/വനം വന്യജീവി പ്രകാരം ഇതിന് സ്ഥിരീകരണം നല്കിയിട്ടുണ്ട്.

(ഡി) കരാർ പ്രകാരം സർക്കാർ കമ്പനിക്ക് നല്കികൊണ്ടിരിക്കുന്ന അസംസ്കൃത സാധനങ്ങൾ റയോൺ പൾപ്പ് നിർമ്മാണത്തിനല്ലാതെ ഉപയോഗിക്കുകയോ, കമ്പനിയുടെ അനാസ്ഥകൊണ്ട് ഏതെങ്കിലും അംശം നശിക്കപ്പെട്ടുപോവുകയോ ചെയ്തിട്ടുണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം അങ്ങനെ മാറ്റി ഉപയോഗിക്കുകയോ, നഷ്ടപ്പെട്ട് പോവുകയോ ചെയ്തിട്ടുള്ള അസംസ്കൃത വസ്തുവിന്റെ കാമ്പോളവില കമ്പനിയിൽ നിന്നും ഈടാക്കുവാൻ സർക്കാരിന് അവകാശമുണ്ട്.

(ഇ) കമ്പനി ഉപയോഗിക്കാതെ ബാക്കി വന്നതായ 1,31,446 മെട്രിക് ടൺ (80604 ടൺ തടി + 50842 ടൺ മുള) അസംസ്കൃത പദാർത്ഥങ്ങളുടെ അന്നത്തെ മാർക്കറ്റ് വിലയായി നികുതി ഒഴികെ 12,21,31,010 രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly